Draft #74 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 05-May-2020 02:24 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/AD A1/AD A 1 തീയതി: 05.05.2020

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം: കോവിഡ് - 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങൾ- സർവ്വകലാശാല ഓഫീസിന്റെ പ്രവർത്തനം - സംബന്ധിച്ച്.

സൂചന :- 1.സ.ഉ.നം 86/2020/പൊ.ഭ.വ. തീയ്യതി 04.05.2020.
2.രജിസ്ട്രാറുടെ കുറിപ്പ് നം. 3/2020, തീയതി 04.05.2020.

കോവിഡ് - 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യത്ത് നിലനിൽക്കുന്ന 'ലോക്ക് ഡൗൺ ' 2020 മെയ് 17 വരെ ദീർഘിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഓഫീസ് പ്രവർത്തനങ്ങളിൽ പലിക്കേണ്ട നടപടിക്രമങ്ങളും സംബന്ധിച്ച്, സർക്കാർ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ലോക്ക് ഡൗൺ തീരുന്നതു വരെ, ശനിയാഴ്ച്ച സർക്കാർ ഓഫീസുകൾക്ക് അവധിയായിരിക്കുമെന്നും, A,B വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ 50 ശതമാനവും C,D വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ 33 ശതമാനവും ഓഫീസുകളിൽ ഹാജരാകേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമായിട്ടുണ്ട്.

ആയതിൻറെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ A,B വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ 50 ശതമാനവും C,D വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ 33 ശതമാനവും ഹാജരാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജോയിൻറ് രജിസ്ട്രാർമാരെയും, ഡെപ്യൂട്ടി രജിസ്ട്രാർമാരെയും സൂചന (2) പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ടി ഉദ്ധ്യോഗസ്ഥർ തങ്ങളുടെ കീഴിലുള്ള ജീവനക്കാരെ നിശ്ചിത ഹാജർ ഉറപ്പുവരുത്തക്ക രീതിയിൽ വിന്യസിക്കുന്നതിനും, നിർദ്ദിഷ്ട ദിവസങ്ങളിൽ ഹാജരാകുന്നതിനുള്ള നിർദ്ദേശം ജീവനക്കാർക്ക് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ
2. വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/ അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ അക്കാദമികവിഭാഗം/ ധനകാര്യവിഭാഗം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ (തുടർ നടപടികൾക്കായി)/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി./ സിറ്റാഡ്
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. യൂണിവേഴ്സിറ്റി/ സെക്യൂരിറ്റി ഓഫീസർ (തുടർ നടപടികൾക്കായി)
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ